99077/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :05-06-2023
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് – ക്ഷേമസ്ഥാപനങ്ങളിൽ താമസക്കാരുടെ പരിചരണത്തിനായി ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് – പുതുക്കിയ മാനദണ്ഡം – നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1). 29/04/2023 തീയതിയിലെ സ.ഉ.(സാധാ) നം.89/2023/S J D നമ്പർ സർക്കാർ കത്ത്

2). സാമൂഹ്യ നീതി ഡയറക്ടറുടെ 04/07/2022 തീയതിയിലെ SJD/1997/2020-PC1 നമ്പർ സർക്കുലർ

3) സാമൂഹ്യ നീതി ഡയറക്ടറുടെ 22/07/2022 തീയതിയിലെ SJD/1997/2020-PC1 നമ്പർ സർക്കുലർ

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി ജീവനക്കാരെ നിയോഗിക്കുന്ന പദ്ധതി 2023-24 സാമ്പത്തിക വർഷം തുടരുന്നതിന് സൂചന (1) പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് (01.08.2022 മുതൽ ) സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരാമർശം (2), (3) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) അടിസ്ഥാനത്തിൽ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി നിയമിക്കുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ , JPHN, Special Educator എന്നിവരുടെ നിയമനം, സേവനവേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് ചുവടെ പറയും പ്രകാരം പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പദ്ധതി നിർവ്വഹണത്തിനായുള്ള ഫണ്ടിന്റെ അപര്യാപ്തതയും, ഓരോ ക്ഷേമ സ്ഥാപനങ്ങളുടെ ആവശ്യകതയും കണക്കിലെടുത്ത് ആയതിന് ആനുപാതികമായി സ്ഥാപനങ്ങളിലേക്ക് അനുവദിക്കാവുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, JPHN, Special Educator എന്നിവരുടെ എണ്ണം പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പുനക്രമീരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്നുള്ള ക്ഷേമ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ചുവടെ ചേർക്കും പ്രകാരം പുനക്രമീകരിക്കേണ്ടതാണ്

| Sl. No | Name of Institution | Sanctioned Strength | Present No. of inmates | MTCP | JPHN | Special Educator |
|---|---|---|---|---|---|---|
| 1 | Care Home, | 100 | 104 | 4 | 2 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | Thiruvananthapuram | | | | | |
| 2 | Old Age Home, Kollam | 100 | 118 | 2 | 0 | 0 |
| 3 | Old Age Home, Pathanamthitta | 50 | 47 | 3 | 1 | 0 |
| 4 | Old Age Home, Kottayam | 100 | 23 | 2 | 1 | 0 |
| 5 | Old Age Home, Ernakulam | 50 | 49 | 3 | 1 | 0 |
| 6 | Old Age Home, Thrissur | 100 | 76 | 4 | 2 | 0 |
| 7 | Old Age Home, Malappuram | 100 | 55 | 2 | 0 | 0 |
| 8 | Old Age Home, Kozhikode | 100 | 67 | 4 | 1 | 0 |
| 9 | Old Age Home, Kannur | 100 | 48 | 3 | 1 | 0 |
| 10 | Old Age Home, Kasargod | 100 | 41 | 2 | 1 | 0 |
| 11 | Asha Bhavan (Women), Thiruvananthapuram | 50 | 89 | 4 | 1 | 0 |
| 12 | Asha Bhavan (Men), Ernakulam | 50 | 42 | 2 | 1 | 0 |
| 13 | Asha Bhavan (Women),Thrissur | 50 | 81 | 4 | 1 | 0 |
| 14 | Asha Bhavan (Women),Kozhikode | 50 | 73 | 4 | 1 | 0 |
| 15 | HPH Idukki | 100 | 44 | 2 | 1 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 16 | HPH(Women) Ernakulam | 25 | 28 | 2 | 0 | 0 |
| 17 | HPH Wayanad | 50 | 29 | 2 | 1 | 0 |
| 18 | HPH Kozhikode | 25 | 9 | 2 | 0 | 0 |
| 19 | Pratheeksha Bhavan, Malappuram | 50 | 104 | 12 | 0 | 2 |
| 20 | HMDC Kozhikode | 50 | 35 | 4 | 0 | 0 |
| 21 | Asha Bhavan (Men), Thiruvananthapuram | 50 | 65 | 4 | 1 | 0 |
| 22 | Asha Bhavan (Men), Kozhikode | 50 | 49 | 3 | 1 | 0 |
| 23 | HPH Alappuzha | 25 | 29 | 2 | 1 | 0 |
| 24 | HPH, Palakkad | 25 | 26 | 2 | 1 | 0 |
| 25 | CHDC Alappuzha | 25 | 4 | 0 | 0 | 0 |
| 26 | HPH for Women, Thiruvananthapuram | 25 | 24 | 2 | 0 | 0 |
| 27 | Day care centre for Aged (Women) Thiruvananthapuram | 25 | 30 | 3 | 1 | 0 |
| 28 | Prathyasha Bhavan, Thrissur | 50 | 38 | 2 | 0 | 0 |
| 29 | Dementia Care Centre, Kunnamkulam | 20 | 9 | 2 | 1 | 0 |
| 30 | Dementia Care Centre, Edavanakkad | 25 | 19 | 7 | 2 | 0 |
| | **Total** | | | **94** | **24** | **2** |

99077/2023

1. നിയമന അടിസ്ഥാന യോഗ്യത

**മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ** - മിനിമം യോഗ്യത - എട്ടാം ക്ലാസ്സ് പാസ്സായവരായിരിക്കണം.

JPHN - പ്ലസ് 2 + JPHN / പ്ലസ് 2 + ANM കോഴ്സ് പാസ്സായവരായിരിക്കണം.

Special Educator പ്ലസ് 2 + Diploma in Special Education പാസായവർ ആയിരിക്കണം

ക്ഷേമസ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവർ, ജെറിയാട്രിക് പരിശീലനം ലഭിച്ചവർ (ഓൾഡ് ഏജ് ഹോമിലേക്കുള്ള തിരഞ്ഞെടുപ്പിന് മാത്രം) എന്നിവർക്ക് നിയമനത്തിനായി പ്രത്യേക പരിഗണന നൽകാവുന്നതാണ്.

2. പ്രായപരിധി

അപേക്ഷിക്കുവാനുള്ള പരമാവധി പ്രായപരിധി 50 വയസ്സ് ആയി നിശ്ചയിക്കാവുന്നതാണ് (കിടപ്പ് രോഗികൾ ഉൾപ്പടെയുള്ള വ്യക്തികൾക്ക് പരിചരണം നല്കാൻ കഴിയുന്ന ശാരീരിക ക്ഷമതയുള്ള വ്യക്തികൾക്ക് നിയമനം നൽകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് )

**3.ജീവനക്കാരുടെ തെരഞ്ഞെടുപ്പ്** - എംപ്ളോയിമെൻറ് എക്സ്ചെഞ്ച് മുഖേനയോ, അല്ലാത്തപക്ഷം പത്രപരസ്യം നൽകിയോ സെലക്ഷൻ കമ്മിറ്റി ചേർന്ന് ഇൻററവ്യൂ / വാക്-ഇൻ-ഇൻററവ്യൂ നടത്തി യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കാവുന്നതാണ്. വകുപ്പിൽ നിന്ന് നിയമിച്ചിട്ടുള്ള വനിത / പുരുഷ ജീവനക്കാരുടെ ലഭ്യതയും താമസക്കാരുടെ ആവശ്യകതയും പരിഗണിച്ച MTCP ജീവനക്കരിൽനിന്നും പുരുഷ /വനിതാ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച തീരുമാനം ജില്ലാ സാമൂഹ്യ നീതി ഓഫീസിറുടെ അനുമതിയോടെ സ്ഥാപന സൂപ്രേന്റിനു നിശ്ചയിക്കാവുന്നതാണ്

**4.സെലക്ഷൻ കമ്മിറ്റി രൂപീകരണം-** ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അദ്ധ്യക്ഷതയിൽ സ്ഥാപനതലത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ടും ഒരു വിഷയ മേഖലാ വിദഗ്ധനും (ഭിന്നശേഷി/ ജെറിയാട്രിക് കെയർ) അംഗങ്ങളായുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**5.റാങ്ക് ലിസ്റ്റ്** - പത്രകുറിപ്പ് മുഖേന പരസ്യം നൽകി ലഭ്യമാകുന്ന അപേക്ഷകരിൽ നിന്നോ/ employment എക്സ്ചേഞ്ച് ൽ നിന്ന് ലഭിക്കുന്ന ലിസ്റ്റിൽ നിന്നോ യോഗ്യരായവരെ സെലക്ഷൻ കമ്മിറ്റി മുഖേന ഇന്റർവ്യൂ ചെയ്ത ക്ഷേമസ്ഥാപന അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി ആയത് പ്രസിദ്ധീകരിക്കാവുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷത്തേക്കാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരു വർഷക്കാലത്തേക്ക് കരാർ നിയമനം നൽകാവുന്നതാണ്

6.ക്ഷേമ സ്ഥാപന സൂപ്രണ്ടുമാരാണ് കരാർ ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടത്.

7.ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, നിയമനം നൽകിയ ജീവനക്കാരുടെ പേര്, അഡ്രസ്സ്, ഐ.ഡി പ്രൂഫ്, എഗ്രിമെന്റിന്റെ പകർപ്പ്, നിയമന ഉത്തരവിൻറെ പകർപ്പ് എന്നിവ അതത് ക്ഷേമസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

8.. നിയമനം ലഭിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി സ്ഥാപന സൂപ്രണ്ടുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

9. തിരുവനന്തപുരം ജനറൽ ആശുപത്രി ഒൻപതാം വാർഡിലേക്കുള്ള കെയർ ഗിവർമാരെ നിയമിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അദ്ധ്യക്ഷതയിൽ ആശുപത്രി സൂപ്രണ്ടിനെയും ഒരു വിഷയ വിദഗ്ധനേയും ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും ജില്ലാ സാമൂഹ്യ ഓഫീസർ ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടതുമാണ് തിരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർ ജില്ലാ സാമൂഹ്യനീതി ഓഫീസറുമായി 200 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

Signed by Chetan Kumar Meena
Date: 05-06-2023 17:12:37
CHETAN KUMAR MEENA

സാമൂഹ്യനീതി ഡയറക്ടർ

അംഗീകാരത്തോടെ,